# വാസ്തു സംശയങ്ങൾക്ക് മറുപടി

# വിശ്വാസത്തിന്റെ വാതിലിലൂടെ

ആദർശ് കുമാർ



**വസ്തു വാങ്ങുമ്പോഴും വീട് വയ്ക്കുമ്പോഴും അതുകഴിഞ്ഞും ശ്രദ്ധിക്കേണ്ട വാസ്തുശാസ്ത്ര സംബന്ധമായ കാര്യങ്ങൾ**

**ചോദ്യം** എന്റെ വീടിന്റെ പ്രധാന വാതിൽ റോഡിനു നേരെയല്ല. ഇതുകൊണ്ട് എന്തെങ്കിലും ദോഷമുണ്ടോ?

■ വാസ്തുശാസ്ത്ര വിധിയനുസരിച്ച് 'സിംഹദ്വാരം' അഥവാ പ്രധാന വാതിൽ വളരെ പ്രാധാന്യമർഹിക്കുന്നു. പ്രധാനവാതിലിന്റെ സ്ഥാനപ്പിഴവിനെ 'ദ്വാരവേധം' എന്നാണ് പറയുന്നത്.

പക്ഷേ, ഇത് സംഭവിക്കുന്നത് പ്രധാന വാതിലിന്റെ പിൻഭാഗത്തായി റോഡ് വരുമ്പോൾ മാത്രമാണ്. വീട്ടിലെ അംഗങ്ങളുടെ സാമ്പത്തിക ഉയർച്ചയ്ക്കും മറ്റ് അഭിവൃദ്ധികൾക്കും ഇത് തടസ്സമുണ്ടാക്കും.

**ചോദ്യം** എന്റെ വീട്ടിൽ, ജോലിക്കാർക്കായുള്ള ബാത്ത്റൂം മതിലിനോടു ചേർത്താണ് നിർമ്മിച്ചിരിക്കുന്നത്. ഇത് കെട്ടിയതിനു ശേഷം നിരവധി തടസ്സങ്ങളും പ്രയാസങ്ങളും നേരിടുന്നു. ബാത്ത്റൂമിന്റെ നിർമ്മിതിയാണോ ഇതിനു കാരണം? അതോ മറ്റു വല്ലതുമാണോ?

■ 'സെർവന്റ്സ് ബാത്ത്റൂം' ഏതെങ്കിലുമൊരു മൂലയിലാണോ എന്ന് കത്തിൽ വ്യക്തമല്ല. കന്നിഭാഗത്തോ ഈശാനഭാഗത്തോ വരുന്ന ടോയ്‌ലറ്റ് സർവ്വനാശത്തിനു തന്നെ കാരണമാകും!

എന്നാൽ, നിങ്ങളുടെ വീട്ടിൽ ഇത് മതിലിനോടു ചേർത്താണ് എന്ന പ്രശ്നം മാത്രമെ ഉള്ളുവെങ്കിൽ (മൂലയിലല്ലെങ്കിൽ) അത് സാമ്പത്തിക തടസ്സമുണ്ടാക്കും എന്ന ദോഷമേയുള്ളൂ.

ഒരു വസ്തുവിന്റെ ഏതെങ്കിലും മൂലയ്ക്കു നിന്ന് വായുസഞ്ചാരം സാദ്ധ്യമാക്കുകയാണെങ്കിൽ അത് സുഗമമായി നാലു മൂലകളിലും തട്ടി തുടങ്ങിയിടത്തുതന്നെ എത്തണമെന്നാണ് വിധി. ഇതിനിടയിലുണ്ടാകുന്ന വായുപ്രവാഹത്തിന്റെ തടസ്സം (ഇത്തരം നിർമ്മിതികളിലൂടെ ഉണ്ടാകുന്നത്) വീട്ടിലെ അംഗങ്ങളുടെ സാമ്പത്തികതടസ്സത്തിന് കാരണമാകും.

അതുകൊണ്ട് യാതൊരു കാരണവശാലും മതിലിനോടു ചേർത്ത് ഒന്നും നിർമ്മിക്കാൻ പാടില്ല. മതിലിൽ നിന്ന് വിട്ടുതന്നെ വേണം ഏതുതരം നിർമ്മിതിയും ചെയ്യാൻ.

**ചോദ്യം** വീടു വയ്ക്കാൻ ഞാൻ വാങ്ങിയ വസ്തു ക്ഷേത്രത്തിനോടു ചേർന്നാണ്. എനിക്ക് അവിടെ വീടു വയ്ക്കാൻ പറ്റുമോ?

■ വാങ്ങിയ വസ്തുവിനടുത്തുള്ള ക്ഷേത്രം എങ്ങനെയുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല. ധ്വജമുള്ള (കൊടിമരമുള്ള) ക്ഷേത്രത്തിനു സമീപമാണ് ഈ വസ്തുവെങ്കിൽ കൊടിമരത്തേക്കാൾ ഉയരത്തിൽ വീടിന്റെ മേൽക്കൂര പണിയാൻ പാടില്ല.

പ്രധാനമായും ശ്രദ്ധിക്കേണ്ടത്, മൂലപ്രതിഷ്ഠയിൽ നിന്ന് ക്ഷേത്രത്തിന്റെ മൂലകളിലേക്ക് ഓരോ കർണ്ണം വരച്ചാൽ ആ കർണ്ണം മുറിയത്തക്ക രീതിയിലാണ് വസ്തുവിന്റെ കിടപ്പെങ്കിൽ അവിടെ വീടു വയ്ക്കാൻ പാടില്ല എന്നതാണ്. എന്നാൽ, നമ്മുടെ വസ്തുവിനും ക്ഷേത്രത്തിനും ഇടയിൽ രാജപാതയുണ്ടെങ്കിൽ

⇨



കേരള സർക്കാർ വനംവകുപ്പിന്റെ മുഖപത്രത്തിന്റെ പേര്? ആരണ്യം



www.aadarshkumar.com